(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം എത്രപേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ തസ്തികയിലും എത്രപേരെ വീതം നിയമിച്ചിട്ടുണ്ടെന്നുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്രപേരെ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(ഡി) ഇവരുടെ തസ്തിക തിരിച്ചുള്ള കണക്ക് നൽകാമോ ;

(ഇ) പി.എസ്.സി. വഴിയുള്ള നിയമനം വൈകുന്നതുകൊണ്ട് എംപ്ലോയിമെന്റ് എക്സ്ചേഞ്ചുവഴി ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നല്കുമോ ?

ഉത്തരം

(എ) 31-12-1999 വരെ 74,293 പേർക്ക് നിയമനം നല്കിയിട്ടുണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) പി.എസ്.സി. വഴിയുള്ള നിയമന നിരോധനം 16-2-2000-ത്തിലെ ജി.ഒ.(പി.)15/2000/എസ്.സി./എസ്.ടി,ഡി.ഡി. പ്രകാരം പിൻവലിച്ചിട്ടുണ്ട്.

നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

45 (45) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ സംസ്ഥാനതലത്തിലും വിവിധ ജില്ലാഓഫീസുകളിലുമായി നിലവിൽ എത്ര റാങ്കുലിസ്റ്റുകൾ ഉണ്ട് ;

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും നാളിതുവരെ എത്രപേർക്ക് നിയമനം നല്കി ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

പി.എസ്.സി മുഖേന പുതുതായി നിയമനം ലഭിച്ചവരുടെ എണ്ണം

46 (46) ശ്രീ. എം.നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പി.എസ്.സി. മുഖാന്തിരം പുതുതായി എത്രപേർക്ക് തൊഴിൽ നൽകി എന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്രപേർക്ക് തൊഴിൽ നല്കി ; വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31-12-1999 വരെ ആകെ 74,293 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികകളിൽ അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ബിരുദധാരികളേയും ഉൾപ്പെടുത്താൻ നടപടി

47 (47) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 12-8-1997-ലെ ഗസറ്റ് നമ്പർ 30 പ്രകാരം, സെക്രട്ടേറിയേറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട് ആഡിറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ് തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേക്ക് അപേക്ഷിക്കാനുള്ള ഉദ്യോഗാർത്ഥികളുടെ യോഗ്യത എന്താണ് ;

(ബി) ബി.എസ്സി. (അഗ്രികൾച്ചർ), ബി.എസ്സി. (എഞ്ചിനീയറിംഗ്) ബിരുദങ്ങൾ ഈ തസ്തികയിലേക്കുള്ള യോഗ്യതയായി കണക്കാക്കുമോ ; ഇല്ലെങ്കിൽ അക്കാര്യം വിജ്ഞാപനത്തിൽ പറയാതിരുന്നത് എന്തുകൊണ്ടാണ് ;

(സി) ബി.എസ്സി. (അഗ്രികൾച്ചർ), ബി.എസ്സി. (എഞ്ചിനീയറിംഗ്) ബിരുദധാരികളുടെ അപേക്ഷ പി.എസ്.സി. നിശ്ചിതയോഗ്യതയല്ലായെന്ന കാരണം പറഞ്ഞ് നിരസിച്ചിട്ടുണ്ടോ ; ഈ നടപടി സർക്കാരിന്റെയോ പി.എസ്.സി.യുടെയോ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) മുൻപ് ഈ തസ്തികകളിലേക്ക് പി.എസ്.സി. നടത്തിയ പരീക്ഷകളിലൂടെ ബി.എസ്സി (അഗ്രിക്കൾച്ചർ), ബി.എസ്സി. (എഞ്ചിനീയറിംഗ്) ബിരുദധാരികൾ പ്രവേശിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്താതെ യോഗ്യതകളിൽ മാറ്റം വരുത്തുവാൻ പി.എസ്.സി.ക്ക് അധികാരമുണ്ടോ ;

(എഫ്) ബി.എസ്സി. (അഗ്രിക്കൾച്ചർ) നിശ്ചിതയോഗ്യതയല്ലായെന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെട്ട ഉദ്യോഗാർത്ഥിയിൽനിന്ന് അപ്പീൽ പെറ്റീഷൻ ലഭിച്ചിട്ടുണ്ടോ ; ബി.എസ്സി (അഗ്രിക്കൾച്ചർ) നിശ്ചിതയോഗ്യതയല്ലായെന്ന് വിജ്ഞാപനത്തിൽ എടുത്തുപറയാത്ത സ്ഥിതിക്ക് ഈ ഉദ്യോഗാർത്ഥികൾക്ക് കൂടി പരീക്ഷ എഴുതുവാൻ അവസരം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒരു അംഗീകൃത സർവ്വകലാശാലയുടെ ബി.എ അല്ലെങ്കിൽ ബി.എസ്സി. അല്ലെങ്കിൽ ബി.കോം ബിരുദമോ, തത്തുല്യമായ യോഗ്യതയോ ആണ്.

LIBRARY ARCHIVES Kerala Legislative Assembly